**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4285** **01-07-2024 - ൽ മറുപടിയ്ക്ക്**

**കഴനി-പഴമ്പാലക്കോട് റോഡ് പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കഴനി-പഴമ്പാലക്കോട് റോഡ് (പി.ഡബ്ല്യൂ.ഡി. 004-124) പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (എ) | തരൂർ മണ്ഡലത്തിലെ കഴനി - പഴമ്പാലക്കോട് റോഡ് 13.6 മീറ്റർ Right of Way-യിൽ മെച്ചപ്പെടുത്തുന്ന പ്രവൃത്തിയ്ക്ക് 16/03/2018-ലെ നടപടിക്രമ ഉത്തരവ് പ്രകാരം 32.89 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നതാണ്. റോഡിന്റെ പല ഭാഗങ്ങളിലും 13.6 മീറ്റർ Right of Way-യ്ക്ക് ആവശ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാൽ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനായി 10.5 മീറ്റർ Right of Way-യിൽ നിർവ്വഹിക്കുന്നത് സംബന്ധിച്ച സാധ്യത കിഫ്ബി 19/09/2023-ന് നടന്ന മീറ്റിംഗിൽ ചർച്ച ചെയ്തിരുന്നു. ഇതനുസരിച്ച് ഒരു പ്രത്യേക കേസായി പരിഗണിച്ച് കഴനി - പഴമ്പാലക്കോട് റോഡ് 10.5 മീറ്റർ Right of Way-യിൽ നിർമ്മിക്കുന്നതിന് കിഫ്ബി തീരുമാനം കൈക്കൊണ്ടിട്ടുള്ളതും പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിയായ KRFB-ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. 10.5 മീറ്റർ Right of Way-ൽ DPR തയ്യാറാക്കുവാൻ പൊതുമരാമത്ത് വകുപ്പ് പ്രൊജക്റ്റ് പ്രീപ്പറേഷൻ യൂണിറ്റിനോട് 13/06/2024-ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കുന്നതാണെന്നും നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ